ENTRI

1 Crore User Downloads

# CURRENT AFFAIRS 25 MAR 2025



രമാകാന്ത് രഥ്

- **2025 മാർച്ചിൽ അന്തരിച്ച പ്രശസ്ത ഒഡിയ കവി**
  **രമാകാന്ത് രഥ്**
  - പത്മവിഭൂഷൺ, സരസ്വതി സമ്മാൻ, ബിഷുവ സമ്മാൻ, സരള അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.
  - കേന്ദ്ര സാഹിത്യ അക്കാദമിയുടെ മുൻ പ്രസിഡന്റാണ് രമാകാന്ത് രഥ്.
  - ശ്രീരാധ, കാതെ ദിനാര, സന്ദിഗ്ധ മൃഗയ, സപ്തമ ഋതു, സചിത്ര അന്ധാര, ശ്രേഷ്ഠ കവിത തുടങ്ങിയവ രമാകാന്തിന്റെ പ്രശസ്ത കൃതികളാണ്.

---



കമൽ ഖേര



അനിത ആനന്ദ്

- **കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ മന്ത്രിസഭയിൽ അംഗമായ ഇന്ത്യൻ വംശജർ**
  **കമൽ ഖേര, അനിത ആനന്ദ്**
  - ആരോഗ്യ വകുപ്പ് മന്ത്രിയാണ് കമൽ ഖേര.
  - ഇന്നൊവേഷൻ, ശാസ്ത്രം, വ്യവസായം വകുപ്പുകളുടെ മന്ത്രിയാണ് അനിത ആനന്ദ്.

---

- **ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ പോലീസ്, എക്സൈസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, മാതാപിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സംയോജിത സഹകരണത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പ് നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല ക്യാമ്പയിൻ**
  **ലൈഫ് ഈസ് ബ്യൂട്ടിഫുൾ**

---




- **'ലിയോ: ദി അൺടോൾഡ് സ്റ്റോറി ഓഫ് ചെന്നൈ സൂപ്പർ കിംഗ്സ്' എന്ന പുസ്തകത്തിന്റെ രചയിതാവ്**
  **പി. എസ്. രാമൻ**

---




- **ഐഎസ്ആർഒയുടെ വിക്രം സാരാഭായ് സ്പേസ് സെന്ററും ചണ്ഡീഗഢിലെ സെമികണ്ടക്ടർ ലബോറട്ടറിയും (എസ്‌സിഎൽ) സംയുക്തമായി ബഹിരാകാശദൗത്യങ്ങൾക്കായി നിർമ്മിച്ച 32 ബിറ്റ് മൈക്രോപ്രൊസസറുകൾ**
  **വിക്രം 3201 & കൽപ്പന 3201**
  - വിക്രം 3201 ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണമായും തദ്ദേശീയമായി നിർമ്മിച്ച 32-ബിറ്റ് മൈക്രോപ്രൊസസറാണ്.
  - 2009 മുതൽ വിക്ഷേപണവാഹനങ്ങളിൽ പ്രവർത്തിക്കുന്ന 16 ബിറ്റ് വിക്രം 1601-ന്റെ പരിഷ്കരിച്ച പതിപ്പാണ് വിക്രം 3201.